


# ഓർക്കട്ട്

## ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്

## ജി.എച്ച്.എസ് പുതുപ്പാടി

# ആമുഖം

മനസ്സിലെ സന്തോഷങ്ങൾ, പുത്തൻ പ്രതീക്ഷകൾ,അറിവിന്റെ നറുങ്ങുകൾ എല്ലാം കൂടിചേർന്ന്, പകർത്തിയിരിക്കുന്ന ഈ അക്ഷരമുത്തുകൾ നന്മയുടെ അഭിമാനമാണ്. സമൂഹ നിർമ്മിതിയുടെ വാക്താക്കളാണ് വിദ്യാർത്ഥികളായ നാം ഓരോരുത്തരും . ഇരുട്ടിലെ നന്മയുടെ വിളക്ക്

തെളിയിച്ച തരുന്ന അധ്യാപകരെ ഒരിക്കലും നാം മറക്കരുത്. ആ വിളക്കിന്റെ നാളങ്ങളായി സമൂഹത്തിന് വെളിച്ചമേകാൻ നിങ്ങൾക്ക് ഓരോരുത്തർക്കും കഴിയുമാറാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം ,

ഷാജികുമാർ

## ഉള്ളടക്കം

.........2
ആമുഖം.........2
.........4
ഹെഡ്മാസ്റ്റർ.........4
ആശംസ.........4
.........6
മോഹം.........6
.........8
കാട്ടിലെ കല്യാണം.........8
ഭാവനയാകുന്ന കേരളം.........11
അച്ഛന്റെ വാക്കുകൾ.........12
Mubashira K.........13
MOTHER PTA.........14
പ്രവൃത്തി പരിചയമേള.........15
ഭിന്നശേഷി വാരാചരണം.........15
ഗവ.ഹൈസ്ക്കൂൾ , പതുപ്പാടി അദ്ധ്യപക-രക്ഷാകർത്തൃ സമിതി.........16
എസ്.എസ്. എൽ.സി. അനുമോദനം.........17
ഉന്നതവിജയികൾ.........17
ഹിന്ദി ക്ലബ്.........17
ദുരിതത്തിന്റെ മറവിൽ.........18
ഉറങ്ങുമ്പോഴുറങ്ങാത്തത്.........19
ഓണാഘോഷം.........21
നന്മയുടെ മാലാഘ.........23
തിരക്കഥ ക്ലാസ്സ്.........25
വാർഷിക കായികമേള.........26
.........26
ഇന്ത്യൻസൈനിക പതാകദിനം.........26
കർഷിക ക്ലബ്ബ്.........27
വായനാവാരം.........29
കലാമേള.........29
ജെ.ആർ. സി.........29
ശുചിത്വസേന.........30
സ്കൂൾ ലൈബ്രറി.........31
ജൈവ വൈവിധ്യ ഉദ്യാനം.........32

## ഹെഡ്മാസ്റ്റർ



ടി . എം . മജീദ്

**ആശംസ**

2018-19 അധ്യായന വർഷത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഈ സംരഭത്തിന് എല്ലാ വിധ ആശംസകളും അർപ്പിക്കുന്നു

HM

## ലിറ്റിൽ കൈറ്റ്സ്

കുട്ടികളുടെ ഇടയിൽ നിന്ന് ഹൈടെക് ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ അധ്യാപകരെ സഹായിക്കുന്നതിനായി സജ്ജരാക്കിയിരിക്കുന്ന സംഘമാണ് ലിറ്റിൽ കൈറ്റ്സ്.ഈ പദ്ധതി ഈഅധ്യയനവർഷംമുതലാണ് ആരംഭിച്ചിരിക്കുന്നത്

വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റെസ് മാസ്റ്ററിന്റേയും മിസ്റ്റസിന്റേയും നേതൃത്വത്തിൽ ഇവർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. സ്കൂളിന്റെ പൊതുപരിപാടികളിൽ ഇവരുടെ സേവനം ലഭ്യമാണ്.



## ആശംസ

2018-19 അധ്യയനവർഷത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിലുള്ള ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും ഇതിന്റെ പിന്നണിയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും

അഭിനന്ദനങ്ങൾ നേരുന്നു.



# മോഹം

'മോളെ... അശ്രുതീ... എഴുന്നേൽക്ക് "അവൾ കണ്ണുകൾ തിരുമ്മി എഴുന്നേറ്റു.

" എന്താ അഛാ....നേരത്തെ വിളിച്ചത്"" നിനക്ക് മത്സരത്തിന് പോവേണ്ടേ...

നീയെല്ലാം മറന്നു കളഞ്ഞോ"അയാൾ ചിരിച്ച് കൊണ്ട് പറഞ്ഞു. അശ്രുതി. അവൾ ചെറിയ കുട്ടിയാണ്.എല്ലാവരെയും മയക്കുന്ന ഓമനത്തം മുഖത്ത് നിറഞ്ഞവൾ.

അഛന്റെ ആകെയുള്ള സ്വത്ത് അവളാണ്. അഛനാണ് അവൾക്ക് അമ്മയും.



അവൾ പ്രഭാതകൃത്യങ്ങൾ വേഗം ചെയ്തു തീർത്തിട്ട് അഛന്റെ അടുത്തേക്ക് ചെന്നു.

" അഛാ... എപ്പഴാ പോകുന്നേ"

"വാ വന്നിരുന്ന് ഭക്ഷണം കഴിക്ക്, എന്നിട്ട് നമ്മുക്ക് പോകാം"

അവൾ അഛന്റെ കൂടെ ഭക്ഷണം കഴിച്ച് പോകാൻ വേണ്ടി തയ്യാറായി .

" മോളേ ....വാ നമ്മുക്ക് പോകാം "" ദാ വരുന്നു അഛാ "അവൾ മുറ്റത്തേക്കിങ്ങി. അയാൾ വീട് ഭദ്രമായി അടച്ചു. ഇറങ്ങാൻ നേരം ആ ചെറ്റകുടിലിലേക്ക് ഒന്നു കൂടി നോക്കി അയാൾ ദീർഘമായി നിശ്വസിച്ചു. അയാൾ ബസ്സ്റ്റോപ്പിലെത്തി. ആദ്യം വന്ന ബസ്സിൽ കയറി. ഒരു സ്കൂളിനു മുന്നിൽ അവൾ രണ്ടു പേരും ഇറങ്ങി. അവൾ സ്കൂളിലേക്ക് നടക്കാൻ തുടങ്ങി. പെട്ടന്ന് അവിടെ വെച്ച ഫ്ലക്സിൽ അയാളുടെ കണ്ണുകൾ പതിഞ്ഞു. അതിലുള്ള യുവതിയെ കണ്ടപ്പോൾ അയാളുടെ കണ്ണുകളിൽ നിന്ന് രണ്ട് തുള്ളി കണ്ണുനീർ അടരർന്ന് വീണ്. അയാൾ അത് മകളെ കാണിക്കാതെ നടന്നു.അയാൾ അവളെ കൃത്യമായി മത്സരസ്ഥലത്ത് കൊണ്ടിരുത്തി. എന്നിട്ട് മുറിയുടെ പുറത്തു കാത്ത് നിന്നു. അപ്പോൾ അയാൽക്ക് മകൾ പറഞ്ഞ കാര്യം ഓർമ്മ വന്നു. അവൾ ഒരു ചുവന്ന പാവക്കുട്ടിയെ

മോഹിച്ചിരുന്നു.അയാൾ അത് നിറവേറ്റാനായി സ്കൂളിനു വെളിയിലുള്ള കടയിലേക്ക് നടന്നു, തിരക്കേറിയ റോഡിനരികിലൂടെ. മത്സരം കഴിയാറായി.താൻ വരച്ച ചിത്രം ഒന്ന് കൂടി നോക്കിയശേഷം അവൾഅഛനെ കാണാലൻ വേണ്ടി പുറത്തേക്ക് നോക്കി അഛനെ അവിടെയെങ്ങും കാണാനില്ലായിരുന്നു.അപ്പോഴാണ് ഒരാൾ ധൃതിയിൽ അവിടേക്ക് കയറി

വന്നത്.അയാൾ എന്തൊക്കെയോ ടീച്ചറോട് പറയുന്നുണ്ടായിരുന്നു. ഇടയ്ക്കിടയക്ക് അവളെ നോക്കുന്നുമുണ്ടായിരുന്നു.അയാളുടെ കയ്യിലുള്ള ചുവന്ന പാവയിലായിരുന്നു അയാളുടെ ശ്രദ്ധ മുഴുവനും .അയാൾ പാവ അവളുടെ കയ്യിലേൽപ്പിച്ചു. അഛൻെ അടുത്തേക്ക്പോകണമെന്ന്പറഞ്ഞ് അവളെ കൂട്ടി നടന്നു.അവൾ ആ പാവയും തൻെ ചിത്രം മുറുകെപിടിച്ച് അയാളുടെ കൂടെ നടന്നു. അയാൾ അവളെ വീടിനുമുന്നിൽ ഇറക്കിവിട്ടിട്ട് എങ്ങോ പോയി.മുറ്റത്ത് നിറയെ തിങ്ങിക്കൂടിയ നാട്ടുകാർ , അവളെ കണ്ടപ്പോൾ എന്തൊക്കെയോ പറയാൻ തുടങ്ങി.എല്ലാവരും അവൾക്ക് വഴിമാറിക്കൊടുത്തു. അവൾ വീടിനുള്ളിലേക്ക് കയറി. നിശ്ചലമായിക്കിടക്കുന്ന അഛൻെ ശരീരം അവളെ ഞെട്ടിച്ചു. അവൾ ഒരടി പിന്നോട്ട് മാറി. അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാരയായി ഒഴുകി. അവളുടെ കയ്യിൽ നിന്നു ആ ചിത്രം നിലത്തു വീണു. അവൾ അകന്നു പോകുന്ന ഒരഛൻെയും മകളുടെയും ചിത്രമായിരുന്നു.അപ്പോഴും ആ പിഞ്ചുബാലികക്ക് അറിയില്ലായിരുന്നു. എന്തെന്നാൽ തൻെ മോഹങ്ങളിലെല്ലാം കരിനിഴലുണ്ടായിരുന്നെന്നും ആ ചുവന്ന പാവ തന്റെ അഛനെ മരണത്തിലേക്ക് തള്ളിവിട്ട കാലനായിരുന്നെന്നും

നസ്രത്ത് ജഹാ
8C

# കാട്ടിലെ കല്യാണം

കള്ളക്കടുവ ഉറക്കെ പറഞ്ഞെ,

കാടിൻെ നാഥന് കല്യാണം

നില്ലകുറുക്കൻ വിളിച്ച പറഞ്ഞെ,

നമ്മുടെ രാജന് കല്ല്യാണം

അങ്ങേകാട്ടിലെ അമ്മുമ്മക്കോഴി,

നടന്നുവരുന്നതു കണ്ടപ്പോൾ

കള്ളനും നില്ലവും ഒപ്പം പറഞ്ഞു ,

ഞങ്ങളെ തലവന് കല്യാണം

പെണ്ണോ സുന്ദരി പൂവൊരുത്തി

കണ്ടോ പാവം പെണ്ണൊരുത്തി

കേട്ടതുമതാ അമ്മുമ്മക്കോഴി

പന്തലിലേക്ക് കയറിപ്പോയി

എല്ലാം പറഞ്ഞ് കഴിഞ്ഞ് തീർന്നപ്പോൾ

കടുവക്കും കുറുക്കനും എല്ല് മാത്രം

**ശ്രുതി പ്രഭാകർ c p**

**9 C**


By,
Anitta
Kurian
IX. C

# ഭാവനയാകുന്ന കേരളം

നവകേരളം    തുടികൊട്ടീടവേ

മലകളിൽ    പച്ചപ്പുണർന്നീടവേ

കിളികൾ    ഉയർന്നു പറന്നീടവേ

പുഴകളാമോദമൊഴുകീടവേ

ഫ്ലാറ്റുകളിൽ ഭൂമിയോടമർന്നീടവേ

പൂക്കളാൽ പൂന്തോട്ടം മിന്നീടവേ

സത്യപ്രതിജ്ഞയാൽ മനുഷ്യന്റെ

അഹങ്കാരമെന്നാകെ നാശമായ് തീർന്നിടവേ

വയലുകളും അതിൽ കൊക്കുകളും

മറ്റു കിളികളും കണ്ടീടവേ

മണ്ണിൽ വഴിയിലൂടാനന്ദപൂർവ്വം

കിടാങ്ങൾ തുള്ളിച്ചാടി രസിച്ചീടവേ

കേരളത്തെ കേരളമായ് മാറ്റിയത-

ത്ഭുതമായ് ജനതയ്ക്ക് തോന്നീടവേ

ഇതെ തന്നെ ഇതു തന്നെ

നവകേരളം എന്റെ ഭാവനയിൽ

ശ്രുതി പ്രഭാകർ
9C

# അച്ഛന്റെ വാക്കുകൾ

ഒരിക്കൽ ഒരു മകന് ദേഷ്യമുള്ള ഒരു അച്ഛനുണ്ടായിരുന്നു. കൃത്യനിഷ്ഠകളോട് കൂടിയുള്ള ജീവിതമായിരുന്നു.അദ്ദേഹത്തിന് ബൾബുകൾ ഓണായി കിടന്നാൽഅപ്പോൾ മകനോട് ദേഷ്യത്തോടെ ,എടാ നിന്നോട് ഞാൻ എത്ര വട്ടം പറഞ്ഞിട്ടുണ്ട് അനാവശ്യമായി ബൾബ് കത്തിക്കരുതെന്ന്. നിനക്ക് എന്ത് പറഞ്ഞാലും മനസ്സിലാകുകയില്ലേ?ഇതു പോലെ ടാപ്പ് ഓണാക്കി ഇട്ടാലും ,ഫാൻ ഓണാക്കിയാലും അശ്രദ്ധമായി എന്ത് ചെയ്താലും ചീത്ത ഉറപ്പാണ്. അത് അവനെ പരീക്ഷകളെ ശല്യപ്പെടുത്തിയിരുന്നു.നാളുകൾ കഴിഞ്ഞു. അവൻ പഠിച്ച് പഠിച്ച് വലിയ ആളായി . ജോലിക്ക് പോകാനുള്ള ഇൻർവ്യൂ ആയിരുന്നു അന്ന്.വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ എന്തോ ഒരു കാര്യത്തിന് അഛനിൽ നിന്നും ചീത്ത കേട്ടുകൊണ്ടാണ് ഇറങ്ങിയത്. ഓഫീസിനെ കുറേ ആളുകൾ തിങ്ങിനിൽക്കുന്നു.ഫ്ലാറ്റിന്റെ മുന്നിലേക്ക് കയറുന്നതിന് മുമ്പായി അവനൊരു കാഴ്ച്ച കണ്ടു. ഒരു ടാപ്പ് തുറന്ന് അത് മുഴുവൻ ഒഴുകികൊണ്ടിരിക്കുകയാണ്. അഛന്റെ വാക്കുകൾ തന്റെ മനസ്സിൽ മുഴങ്ങി. ആ ടാപ്പ് ഓഫാക്ക്... അവൻ വേഗം ചെന്നത് ഓഫാക്കി. ലിഫ്റ്റിന് പുറത്ത് കാത്തുനിൽക്കുമ്പോൾ ബൾബ് കത്തിനിൽക്കുന്നതും അവൻ കണ്ടു .പെട്ടന്ന്, അഛൻ മന്ത്രിക്കുന്നതായി അവൻ കേട്ടു. എടാ, ഒന്ന് പോയി ഓഫാക്ക് ... അവനത് ഓഫാക്കി. ലിഫറ്റിലൂടെ മുകളിലേക്ക് കേറി ഓഫീസിൽ എത്തിയപ്പോൾ , തന്റെ ഊഴമായി ഉള്ളിലേക്ക് ചെന്നപ്പോൾ, നിങ്ങൾ ഇന്റർവ്യൂ പാസായി എന്ന് പറഞ്ഞു. അയാൾക്ക് ഒന്നും മനസ്സിലായില്ല. അവർ തുടർന്നു;നിങ്ങൾ മുകളിലേക്ക് വരുമ്പോൾ നിങ്ങളുടെ ചലനങ്ങൾ

വീക്ഷിക്കുന്നുണ്ടായിരുന്നു. നിങ്ങൾ ടാപ്പ് പൂട്ടുന്നതും ബൾബ് ഓഫാക്കുന്നതും

ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. നിങ്ങൾ മാത്രമാണ് ഇതിൽ പാസായത്

തന്നെ വിജയത്തിലേക്ക് നയിച്ചത് അച്ഛന്റെ വാക്കുകളാണെന്ന് അവൻ

മനസ്സിലാക്കി.

ഹസ്ന നബിൻ



Mubashira K
9 C

# MOTHER PTA

വിദ്യാലയത്തിൽ ശകതമായി പ്രവർത്തിക്കുന്ന 11 അംഗ മദർ pta കമ്മിറ്റി നിലവിലുണ്ട്. സകൂളിൽ നടന്ന 'മലയാളതിളക്കം'എന്ന പരിപാടിയിൽ ഇവരുടെ മഹനീയ സേവനം എട്ടിത്തുപറയേണ്ടതാണ്.കൂടാതെ വിജയോത്സവ പരിപാടിയ ഭംഗിയായി നടത്തുവാൻ ഇവരുടെ നല്ല സഹകരണമുണ്ടായിരുന്നു.

അംഗങ്ങൽ

1 നഫീസ ജമാൽ

2 സാജിദ

3 സുമ

4 ഷംസീന

5 പുഷ്പ

6 ഷാഹിന

7 സിന്ധു

8 ലക്ഷ്മി

9 റൈഹാനത്ത്

10 ജമീല

11 ഷെറീന

ഇതിൽ നഫീസ ജമാൽ മദർ pta പ്രസിഡണ്ടായും , സാജിദ വൈസ് പ്രസിഡണ്ടായും പ്രവർത്തിക്കുന്നു.

# പ്രവൃത്തി പരിചയമേള

കണ്ണോത്ത് സെന്റ് ആന്റണീസ് യു.പി സ്കൂളിൽ വെച്ച് നടന്ന പ്രവൃത്തി പരിജയമേളയിൽ ഒട്ടേറെ കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു.









# ഭിന്നശേഷി വാരാചരണം

ഉൾചേർന്ന വിദ്യാഭ്യാസം,ഭിന്നശേഷി എന്നീ ആശയങ്ങൾ വിജയകരമായി നടപ്പിലാക്കുന്നതിനായി 26-11-2018 മുതൽ 03-12-2018 വരെ ഭന്നശേഷി വാരാചരണം നടത്തി വിദ്യാർത്ഥികൾക്ക് പോസ്റ്റർ നിർമ്മാണം,ഉപന്യാസ രചന, സെമിനാർ എന്നിവ ഏർപ്പെടുത്തി. സ്കൂളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ സന്ദർശിക്കുകയും കഴിയുന്നത്രയും വിദ്യാല-യത്തിലേക്കു കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കു-

കയും ചെയ്തു വടകരയിൽ നടന്ന ഭിന്നശേഷി ദിനാചരണത്തിൽ

വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു

# ഗവ.ഹൈസ്ക്കൂൾ , പുതുപ്പാടി അദ്ധ്യാപക-രക്ഷാകർത്തൃ സമിതി

കോഴിക്കോട് ജില്ലയിലെ മലയോര പ്രദേശമായ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്ക്കൂളാണ് പുതുപ്പാടി ഗവ.ഹൈസ്ക്കൂൾ . പ്രദേശത്തിന്റെ സാംസ്കാരികവും വിദ്യഭ്യാസപരവുമായ പുരോഗതിയിൽ മുഖ്യപങ്കുവഹിക്കുവാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട് . 1974-ൽ സ്ഥാപിതമായ നാല്  പതിറ്റാണ്ട് പിന്നിട്ട ഈ കലാലയം നാടിന്റെ സമഗ്രപുരോഗതി ലക്ഷ്യം വെച്ച് കൊണ്ട് മുമ്പോട്ട് കുതിച്ച് കൊണ്ടിരിക്കുന്നു . സ്കൂളിന്റെ ഭൗതികവും ,അക്കാദമികവുമായ ഉയർച്ചയിൽ സഹകരിക്കുകയും ,പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ സുമനസ്സുകളെയും ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

ഈ അധ്യയനവർഷം ആകെ 686 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു . ഹെഡ്മാസ്റ്റർ ശ്രീ.ടി.എം.  മജീദ് മാസ്റ്ററുടെ ശക്തവും മാതൃകാപരവുമായ നേതൃത്വത്തിൽ ഇപ്പോൾ ഇവിടെ 25 സ്ഥിരം അധ്യാപകരും 4 താൽക്കാലിക അധ്യാപകരും ,4 അനധ്യാപകരും സേവനം അനുഷ്ഠിക്കുന്നു

# എസ്.എസ്. എൽ.സി. അനുമോദനം

2017-18 വർഷം 258 കുട്ടികൾ എസ് .എസ്.എൽ.സി

പരീക്ഷ എഴുതി. 240 കുട്ടികൾ വിജയിച്ചു. വിജയശതമാനം

93.5%. 2017-18 അദ്ധ്യയന വർഷത്തിൽ ഉയർന്ന ഗ്രേഡോടെ പത്താം ക്ലാസ് പരീക്ഷ പാസ്സായ വിദ്യാർത്ഥികളെ 3/8/2018-ൽ നടന്ന എജ്യുകെയറിൻെ ഉദ്ഘാടന സമ്മേളനത്തോടനുബന്ധിച്ച് അനുമോദിച്ചു

# ഉന്നതവിജയികൾ

1.ജൗഹറ ഐഎസ്.കെ d/o അബ്ദുൽറസാക്ക് ഐഎസ്. കെ

2.നാസ്മിൻസിനു d/o ഹംസ പി.പി

3.അമീറ ടി യു d/o ഉമ്മർ

4.ഹർഷാദ് s/o അയൂബ്

5.സഹനാ ഷെറിൻ d/o  അബ്ദുൽമുനീർ

6.റിൻഷാ റഫീക്ക് d/o റഫീക് പി .കെ

# ഹിന്ദി ക്ലബ്

ഹിന്ദി ക്ലബിന്റെ ഭാഗമായി ഉപന്യാസ രചന ,കഥാരചന,എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു .പ്രേംചന്ദ് ദിനം ,ഹിന്ദി ദിനം എന്നിവ സമുചിതമായി ആഘോഷിച്ചു

# ദുരിതത്തിന്റെ മറവിൽ

നാശം വിതച്ച  ഓണം മുടങ്ങി
ഓണക്കളിമേളം ആകെ കുളനായി
സ്ക്കൂള് കണ്ടിട്ട് ഏറെനാളായി
അവിടങ്ങളാകെ ക്യാമ്പുകളായി
ഉരുൾപ്പൊട്ടൽ വന്നു മലമേഖലപോയി
വെള്ളപ്പൊക്കം കൊണ്ട് ടൗണും നശിച്ചു
ആളുകളാകെ മേലോട്ടുപോയി
മരണത്തിനായി ഞങ്ങളും ബാക്കി
വെള്ളം ദുരിതം ഭൂമിയിൽ ആകെ
ഞങ്ങളെങ്ങോട്ടു പോകും ഭൂമിയെവിട്ട്

ശ്രുതി പ്രഭാകർ

9C

# ഉറങ്ങുമ്പോഴുറങ്ങാത്തത്




ഉറക്കം,മൗനത്തിന്റെ
പടച്ചട്ടയണിഞ്ഞ്
മോക്ഷത്തിന്റെ വാതാനങ്ങൾ
തള്ളിതുറക്കുന്ന വരദാനം
ജീർണ്ണബന്ധങ്ങളുടെ നിഴൽ
കുത്തരങ്ങളിലെ
വേദന സംഹാരി...
ഉറക്കം, വക്കുപൊട്ടിയ
വിചാരശീലങ്ങൾ
വീണുമഴങ്ങും താഴ്വാരം...
പ്രണയവാരഹ പാപങ്ങൾക്ക്
നീറിയുറങ്ങാനൊറ്റ ഹോമകുണ്ഠം
ഉറക്കം സ്വപ്നങ്ങളുടെ
മഴ പാറകളെ ഗർഭത്തിലൊളിപ്പിച്ച
മൺകൂനകൾ.
കാട്ടുതീ കനലുകൾക്ക് ഒരു കുടം ജലം
പിന്നെ ഒരു പകൽകാറ്റിനപ്പുറം
നറുങ്ങുവെട്ടങ്ങളിടറുമിടവഴികളിൽ
ചതുപ്പിൽ വേരുറക്കാതലറും,
വിചാരങ്ങൾക്കൊരു നിമിഷമരണം
കടും നിറങ്ങളഹം ബോധത്തിൽ നിന്നു
രുകിയൊലിക്കുമൊരഗ്നി സ് സ്നാനം
ഉറക്കം നഷ്ടബോധങ്ങളുടെ ശ്മശാനം
ഉറക്കമുണരുന്ന രാത്രിക്ക്
നിലാവിന്റെ നിറം
ശവം നാറിപ്പൂവിന്റെ ഗന്ധം

ഫിനിക്സ് പക്ഷിയുടെ രൂപം

എങ്കിലുമുറക്കം
മുഖമില്ലാത്ത കൂട്ടുകാരൻ
കടം കൊണ്ട കണ്ണാടി
കിനാകാഴ്ചകൾ ചേർന്നൊലിക്കുന്ന
വക്കു പൊട്ടിയ നക്ഷത്രകിണ്ണം..
വലിയ മരണത്തിന്റെ
വികൃതി സന്താനങ്ങൾ
സമയനിഷ്ഠകളിൽ പുനർജനിക്കുന്ന
പൗരാണിക സത്യം!
ഉറക്കത്തിൽ നിനക്കുമെനിക്കും-
മവൾക്കുമവനുമൊരേ മുഖം
ഉറക്കത്തിന്നടിയിലിഴയും
വഴിയിലൂടൊരു യാത്ര
കോർക്കാം കൈകൾ
സ്വപ്നാടനങ്ങളിൽ
വഴിപിരിയും മുമ്പ്
മറക്കാം ഹൃദയനോവുകൾ
മറക്കാതെ കാക്കാം
രാത്രി മൗനം പോലൊരു
നിശബ്ദ സൗഹൃദം.
ഇടറിയുണരുന്ന ബോധ-
മൊരു ചതുപ്പിലിനിയും മുങ്ങി-
യൊടുങ്ങും മുമ്പുറങ്ങി
ഉണർവ്വിന്റെ അകം പൊരുൾ
തേടിയലയാം, ഒരുവേള
വെയിലും മഴയുമുറങ്ങി
നാമുണരാതിരുന്നാലോ ?..

ജ്യോതി നാരായണൻ

# ഓണാഘോഷം





## നന്മയുടെ മാലാഖ

അവൾ നടന്നു കൊണ്ടിരുന്നു.ലക്ഷ്യമില്ലാതെ കിറ്റി പറയുംവഴി.അവൾകീലോകത്തുള്ള ഉറ്റ സുഹൃത്ത്. ആ പൂച്ച അവളുടെ എല്ലാമാണ്. പൂച്ചക്ക് അവളും. അവളുടെ കഴുത്തിലെ മാന്ത്രികമാല വെയിലിൽ വെട്ടിത്തിളങ്ങി.എത്ര നേരമായി ഇങ്ങനെ നടക്കാൻ തുടങ്ങിയിട്ട്. കിറ്റി ഒരു മരത്തിനടുത്തേക്ക് നടന്നു . അവൾ പിന്നാലെയും.ആ മരത്തണലിൽ ഇരുന്ന് അവൾ ചുറ്റുപാടും വീക്ഷിച്ചു. ഇത് എവിടെയാണ് സ്ഥലം എന്ന് പോലും അറിയില്ല.ദാഹിച്ച് തൊണ്ട വരണ്ടു. എവിടന്നൊരിറ്റ് വെള്ളം കിട്ടും . കിറ്റി അവളുടെ തളർന്ന മുഖത്തേക്ക് നോക്കിപ്പറഞ്ഞു "നീനു, ഈ വഴി കുറച്ച് നടന്നാൽ പട്ടണത്തിൽ എത്തും . ഇവിടെ വെള്ളമൊന്നുമില്ലന്ന് തോന്നുന്നു . ഞാൻ എവിടെയെങ്കിലും നോക്കട്ടെ . നീ ഇവിടെ ഇരിക്ക് . കിട്ടിയില്ലെങ്കിൽ ഞാൻ തരാം". ഇതും പറഞ്ഞ് അവൾ മുന്നോട്ട് നടന്നു. നീനു ഒന്നും പറയാൻ ആവാതെ ഇരുന്നു. പെട്ടന്ന് അവൾ തന്റെ മാന്ത്രികമാലയെ കുറിച്ച്

ഓർത്തു.അവളുടെ അമ്മ അതിൽ തെളിഞ്ഞുവന്നു. അവളെ അമ്മ തൻെ പഴയ കാലത്തേക്ക് മാടിവിളിക്കും പോലെ അവൾക്ക് തോന്നി.

തോരാത്ത മഴയും പുകയാത്ത അടുപ്പും എരിയുന്ന വയറും അവളുടെ കുഞ്ഞു ഹൃദയത്തെ വല്ലാതെ നോവിച്ചു. എങ്കിലും രോഗിയും അവശയും ആയ തൻെ അമ്മയെ അവൾ വേദനിപ്പിച്ചിരുന്നില്ല. പ്രായത്തിൽ കവിഞ്ഞ പക്വത അവളുടെ മുഖത്ത് ജ്വലിച്ചിരുന്നു. അവളും ദൈവത്തിൻെ

സ്വന്തം നാട്ടിൽ ആണങ്കിലും അവൾക്ക് ബാലവേല ചെയ്യേണ്ടിയിരുന്നു. രണ്ട് ജീവൻ നിലനിർത്താൻ . രാവിലെ കിറ്റിയെയും കൂട്ടി അവൾ പണിക്ക് പോവും. എവിടെയെങ്കിലും തെണ്ടിത്തിരഞ്ഞ് എന്തെങ്കിലും ചെയ്ത് കിട്ടുന്ന പണവുമായി അവൾ വീട്ടിലേക്ക് മടങ്ങും കഷ്ടിച് നാലണയെങ്കിലും.

അന്നവൾ റിറ്റിയേയും കൂട്ടി ഇറങ്ങിയപ്പോൾ അമ്മ വളരെ ആരോഗ്യവതിയായിരുന്നു .അവൾ അന്ന് സന്തോഷത്തോടെ ജോലിക്ക് പോയി . അവർ പരിജയമില്ലാത്ത വഴികളിലൂടെയാണ് നടക്കുന്നത് . ദാഹിക്കുമ്പോൾ അവൾ തന്റെ തുണിസഞ്ചിയിലെ കുപ്പിയിൽ നിന്നും വെള്ളം കുടിക്കും. ഇപ്പോൾ അവൾ ഒരു കാടിന്റെ അടുത്ത് കൂടെയാണ് നടക്കുന്നത്.പെട്ടന്നാണവൾ അകലെ ഒരു കാഴ്ച്ച കണ്ടത്ത് .ഒരു വൃദ്ധ വഴിയിൽ തളർന്ന് കിടക്കുന്നത് കണ്ടു. നന്മയുടെ മാലാഖയായ നീനു വേഗം അവരുടെ അടുത്ത് ചെന്ന് ബോധവതിയാക്കി . അവർ ഉണർന്ന ഉടനെ വെള്ളം ചോദിച്ചു. അവൾ തന്റെ കുപ്പി അവർക്ക് നേരെ നീട്ടി . ആ വൃദ്ധ അത് മുഴുവനും കുടിച്ചു തീർത്തു.പെട്ടെന്നവരൊരു ദേവതയായി മാറി.പേടിച്ചു പോയ അവളോട് ദേവത പറഞ്ഞു:"കുഞ്ഞേ ഞാൻ നന്മയുടെ ദേവതയാണ്. ഞാൻ നിന്നെ പരീക്ഷിച്ചതാണ്. അതിൽ നീ വിജയിച്ചു.നിന്റെ പ്രിയപെട്ട പൂച്ചയിൽ എന്നും ഞാനുണ്ടവും.ഇത് നിനക്ക് ഉള്ള വരമാണ്. അവൾ അമ്മയിലാത്ത നിനക്ക് എന്നും വഴികാട്ടിയായിരിക്കും".ഇതും പറഞ്ഞാ ദേവത കിറ്റിയുടെ ശരീരത്തിൽ പ്രവേശിച്ചു. കിറ്റി ഷോക്കേറ്റമാതിരിയായിരുന്നു.പിന്നെ കിറ്റിയെ എടുത്ത് തലോടി. തന്റെ കുപ്പി എടുത്തപ്പോൾ അതിൽ നിറയെ വെള്ളം. അവൾ അത്ഭുതോടെ നടന്ന് നീങ്ങി.

ഹസ്ന

9 F

## ദിനപ്രത്രം

സ്കൂളിൽ ദേശാഭിമാനിയുടെ 21 പത്രങ്ങൾ എല്ലാ ക്ലസ്സിലും വിതരണം ചെയ്യുന്നുണ്ട്,മാതൃഭൂമി, മാധ്യമം, മലയാള മനോരമ തുടങ്ങി പത്രങ്ങളും ഉണ്ട്

വാർഷിക കായികമേള

മറ്റു വർഷങ്ങളിൽ നിന്നും വിഭിന്നമായി ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങുടെ സംയുക്ത കായികമേള ഒക്ടോബർ 3-ാം തീയ്യതി നടന്നു. വിജയികളെ സബ്ജില്ലാ

മത്സരത്തിൽ പങ്കെടുപ്പിച്ച് നിരവധി സമ്മാനങ്ങൾ നേടി. മുഹമ്മദ് ഷാഹിദ്, ആഷ്ലി

ജോസഫ് എന്നിവർ ജില്ലാതല മത്സരത്തിൽ പങ്കെടുത്ത് സംസ്ഥാനത്ത് പങ്കെടുക്കുവാൻ

അർഹത നേടി. കൂടാതെ ത്രോബോളിൽ അജിത്ത് എന്ന വിദ്യാർത്ഥി ജില്ലയെ പ്രധിനിധീകരിച്ച് സംസ്ഥാന മീറ്റിൽ പങ്കെടുത്തു. സൈക്കിൾ പോളോ, സൈക്കിളിംഗ്,

കബഡി, അത്ലറ്റിക്ക് എന്നീ ഇനങ്ങളിൽ നിരവധി പേർ ജില്ലയെ പ്രതിനിധീകരിച്ച്

സംസ്ഥാനത്ത് പങ്കെടുത്തു.

## തിരക്കഥ ക്ലാസ്സ്

ഇഗ്ലീഷ് ക്ലബിന്റെ ആഭിമുഖ്യത്തിൽ തിരക്കഥാ ക്ലാസ്സ് 7-12-2018 ന്

സംഘടിപ്പിച്ചു . ശ്രീ ബിജു തിരക്കഥാ ക്ലാസ്സെടുത്തു. സ്കൂള് യൂണിഫോം

ഈ അദ്ധ്യായനവർഷം എട്ടാം ക്ലാസ്സിലെ കുട്ടികളുടെ യൂണിഫോം പഴയത് മാറ്റി പുതിയ ഡിസൈനുള്ളതാക്കി.

# വാർഷിക കായികമേള




# ഇന്ത്യൻസൈനിക പതാകദിനം

7-12-2018 ന് സൈനിക പതാകദിനത്തിൽ പ്രതേക അസംബ്ലി ചേർന്ന് വിമുക്തഭടനം, പൂർവ്വവിദ്യാത്ഥിയുമായ ഉസ്മാന് ഇടുക്കിനിയെ ആദരിക്കുകയും അദ്ദേഹത്തിന്റെ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു.









# കർഷിക ക്ലബ്ബ്

സ്കൂളിൽ കർഷിക ക്ലബിന്റെ പ്രവർത്തനങ്ങൾ മതൃകപരവും അഭിന്ദനീയവുമാണ് .

കൃഷിഭവനിൽനിന്നും അയ്യായിരം രൂപ അനുവദിച്ചു. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആത്മാർത്ഥമായ പ്രവർത്തനം വിദ്യാർത്ഥികൾക്ക് കാർഷികസംസ്കാരം ഊട്ടിയുറപ്പിക്കുവാൻ സഹായകമാകുന്നുണ്ട്.

ജൈവപച്ചക്കറിത്തോട്ടത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 2-11-2018

ന് പുതുപ്പാടി കൃഷി ഓഫീസർ ശ്രീ .വിനു ചന്ദ്രബോസ് നിർവഹിച്ചു . കൃഷി അസിസ്റ്റന്റ് ഹനീഷ് ആശംസകൾ നേർന്നു

## മഹാപ്രളയം

കേരളത്തെ പിടിച്ചു കുലുക്കിയ മഹാപ്രളയം നമ്മുടെ വിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ദുരിതം വരുത്തുകയുണ്ടായി. അവരെ സഹായിക്കുന്നതിന് വേണ്ടി സ്കൂൾ പി.ടി.എ. പഠനോപകരണങ്ങളും, യൂണിഫോമും നൽകുകയുണ്ടായി

## SPC

സ്കൂളിന്റെ റിപ്പോർട്ട് വർഷം പി.ടി.എ യുടെയും,അധ്യാപക-

രുടെയും നിരന്തര ശ്രമത്തിന്റെ ഫലമായി ഒരു സറ്റുഡന്റ് പോലീസ് കേഡറ്റ്(spc) യൂണിറ്റിന്റെ പ്രവർത്തനത്തിന്

ലഭിച്ചിട്ടുണ്ട് എന്ന സന്തോഷകരമായ വസ്തുതയും ഈ അവസരത്തിൽ പങ്കുവെക്കട്ടെ.ഏറെക്കാലമായി നാം ആഗ്രഹിച്ച-

തിന്റെ സ്വപ്നസാക്ഷാത്കാരമാണിത്.spc ക്കുവേണ്ടി പരിശ്രമിച്ച

പി.ടി.എ അംഗങ്ങൾ,അധ്യാപകർ,പോലീസ്ഡിപ്പാർട്ട്മെന്റിലെ

ജീവനക്കാർ, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരെയെല്ലാം

ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുകയും അവരോടുള്ള

നന്ദിയും കടപ്പാടും അറിയിക്കുകയും ചെയ്യുന്നു. അതോടൊപ്പം

ഇതിന്റെ ചാർജ്ജ് ഏറ്റെടുക്കുവാൻ വന്ന രണ്ട് അധ്യപകർ

(1 അധ്യാപൻ,2 അധ്യാപിക)രെയും പി.ടി.എ കമ്മറ്റി പ്രത്യേകം

അഭിനന്ദിക്കുകയും കൃതജ്ഞത അറിയിക്കുകയും ചെയ്യുന്നു

## വായനാവാരം

ശ്രീ. പി.എൻ.പണിക്കരുടെ ജന്മദിനത്തോടനുബന്ധിച്ച് ജൂണ്

19 മുതൽ25 വരെ വായനാവാരമായി ആചരിക്കുകയും വായനാ മത്സരവും പുസ്തക പ്രദർശവും സംഘടിപ്പിക്കുകയും ചെയ്തു

## കലാമേള

***ഈ അദ്ധ്യായനവർഷത്തെ കലാമേള ഒക്ടോബർ 6-ാം തിയ്യതി നടന്നു. വിദ്യാർത്ഥികളെ നാല് ഹൗസുകളാക്കി തിരിച്ച് മത്സരങ്ങൾ നടത്തി. വിജയികളെ ഉപജില്ല മത്സരത്തിൽ പങ്കെടുപ്പിച്ചു. ഒട്ടേറെ മത്സരങ്ങളിൽ വിജയിച്ചവർ ജില്ല മത്സരങ്ങൾക്ക് അർഹത നേടി.***

## ജെ.ആർ. സി




വിദ്യാർത്ഥികളിൽ മാനുഷിക മൂല്യത്തിൻെയും സഹാനുഭൂതിയുടെയും വിത്തു പാകുന്ന ഒരു ജെ.ആർ.സി യൂണിറ്റ് സ്കൂളിൽ പ്രവർത്തിക്കുന്നു. ഇവർ പ്രളയബാദിത പ്രദേശങ്ങൾ സന്ദർശിച്ചു നടത്തിയ പ്രവർത്തനങ്ങൾ പ്രശംസാർഹമാണ്. വൃദ്ധസദനങ്ങൾ , അനാഥാലയങ്ങൾ എന്നിവ സന്ദർശിക്കുന്നതിലൂടെ സമൂഹത്തിലെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു.



## ശുചിത്വസേന

സ്കൂളും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിന് ശചിത്വസേനയുടെ പ്രവർത്തനങ്ങൾ സഹായകമാണ്. സേനാംഗങ്ങളുടെ പ്രവർത്തനം ഏറെ അഭിനന്ദനാർഹമാണ്. പ്രവർത്തിന്റെ ഭാഗമായി സ്കൂൾ കോമ്പൗണ്ടിൽ ചവറ്റ കൊട്ടകൾ സ്ഥാപിച്ചു.



## സ്കൂൾ ലൈബ്രറി

വിദ്യാർത്ഥികളെ വായനാശീലമുള്ളവരാക്കി വളർത്തുന്നതിന് ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ഉപയുക്തമാണ്. നടപ്പുവർഷത്തിൽ എല്ലാ ക്ലാസ്സുകളിലും ക്ലാസ്സ് ലൈബ്രറിക്കാവശ്യമായ അലമാരകൾ സ്ഥാപിച്ചുവരുന്നു.

## ജൈവ വൈവിധ്യ ഉദ്യാനം

'ജൈവ വൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ 'എന്ന പദ്ധതിയിൽ നമ്മുടെ വിദ്യാലയത്തെ വിദ്യാഭാസ വകുപ്പ് തെരെഞ്ഞെടുക്കുകയും പദ്ധതി നിർവ്വഹണ ചെവിലേക്കായി 2018 – 19 സാമ്പത്തിക വർഷത്തേക്ക് പതിനായിരം രൂപ അനുവദിച്ചു. സ്കൂളിൽ അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.







# ബോധവൽക്കരണ സെമിനാർ

വിദ്യാർത്ഥികൾക്ക് മികച്ച പഠനസൗകര്യങ്ങൾ ഒരു ബോധവൽകരണ സെമിനാർ സംഘടിപ്പിച്ചു . ഇതിന് ശ്രീ .കെ.കെ ശിവദാസൻ (ഹെഡ്മാസ്റ്റർ,കോക്കല്ലൂർ ഗവ.ഹൈസ്കൂൽ)നേതൃത്വം നൽകി

## നന്ദി

2018-19 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന വിദ്യാർത്ഥികൾക്ക് എന്റെ നന്ദി രേഖപ്പെടുത്തുന്നു.

***അശോകൻ സാർ***